ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. സമുദ്ര മേഖലയെ വലിയ അവസരമായാണ് ഇന്ത്യ കാണുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ഗുജറാത്തിലെ ഭാവ്നഗറിൽ 34,200 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

   **Maritime Sector Holds Vast Potential, says PM Narendra Modi; PM Launches Mega Projects Worth ₹34,200 Crore in Gujarat.**

2. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങിന്റെ രണ്ട് ദിവസത്തെ മൊറോക്കോ സന്ദർശനത്തിന് മറ്റന്നാൾ തുടക്കമാകും.

   **Defence Minister Rajnath Singh to Begin Two-Day Visit to Morocco on Monday.**

3. ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച് കൊച്ചിയിൽ അവലോകന യോഗം ചേരും; കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് അധ്യക്ഷത വഹിക്കും.

   **Review Meeting on Lakshadweep Fisheries Development to Be Held in Kochi; Union Minister Rajeev Ranjan Singh to Chair the meeting.**

4. വേർതിരിവുകൾക്ക് അതീതമായ ആരാധനാലയമായ , ശബരിമലയെ ശക്തിപ്പെടുത്തുമെന്ന് ആഗോള അയ്യപ്പ സംഗമത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ.

   **Sabarimala - A Place of Worship Beyond All Divisions Will Be Strengthened Says CM Pinarayi Vijayan at Global Ayyappa Meet.**

5. ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ ഡബിൾസ് സെമി ഫൈനലിൽ ഇന്ത്യൻ സഖ്യം ഇന്നിറങ്ങും.

**The Indian pair will compete in the men's doubles semi-final at the China Masters badminton today.**

6. **H-1 B** വിസ പ്രോഗ്രാമിലേക്കുള്ള അപേക്ഷ ഫീസ് ഒരു ലക്ഷം ഡോളറായി ഉയർത്തി അമേരിക്ക.

**US Raises H-1B Visa Application Fee to $100,000.**

&&&&&&&&&&&&&&&&&&

## BIHAR- PRESIDENT VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ബിഹാറിൽ. ഗയയിലെത്തിയ രാഷ്ട്രപതിയെ ബീഹാർ ഗവർണർ, മന്ത്രിമാർ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. വിഷ്ണുപാദ ക്ഷേത്രത്തിൽ ശ്രീമതി മുർമു ദർശനം നടത്തും. രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് കർശന സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## PM GUJARAT VISIT( INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്തിലെ ഭാവ്നഗറിൽ 34,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ചു. ഷിപ്പിംഗ് മന്ത്രാലയത്തിന്റെ 66,000 കോടി രൂപയുടെ 21 ധാരണാപത്രങ്ങളും പ്രധാനമന്ത്രി വെർച്വലായി സമർപ്പിച്ചു. 21-ാം നൂറ്റാണ്ടിൽ സമുദ്ര മേഖലയെ വലിയ അവസരമായാണ് ഇന്ത്യ കാണുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

( വോയിസ്.... )

&&&&&&&&&&&&&&&&&&

## RAJNATH-MOROCCO VISIT

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ രണ്ട് ദിവസത്തെ മൊറോക്കോ സന്ദർശനം തിങ്കളാഴ്ച ആരംഭിക്കും. മൊറോക്കോയിൽ TATA ADVANCED SYSTEMS - ൻറെ പുതിയ

നിർമാണ യൂണിറ്റ് ശ്രീ രാജ്നാഥ് സിങ് ഉദ്ഘാടനം ചെയ്യും. ആഫ്രിക്കയിൽ സ്ഥാപിക്കുന്ന ആദ്യ ഇന്ത്യൻ പ്രതിരോധ നിർമാണ പ്ലാൻ്റ് ആണിത്. പ്രതിരോധ രംഗത്തെ സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ ധാരണാപത്രങ്ങളും ഒപ്പുവെക്കും.

&&&&&&&&&&&&&&&&&&

## GST REFORMS-ELECTRONICS

രാജ്യത്ത് പുതുക്കിയ ചരക്കു സേവന നികുതി നിരക്കുകൾ തിങ്കളാഴ്ച മുതൽ പ്രാബല്യത്തിൽ. പുത്തൻ തലമുറ GST പരിഷ്കാരങ്ങളുടെ ഭാഗമായി ഗാർഹിക ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ജി.എസ്.ടി കേന്ദ്രം വെട്ടിക്കുറച്ചു. എയർ കണ്ടീഷണറുകൾ, ഡിഷ് വാഷറുകൾ, ടെലിവിഷൻ തുടങ്ങിയവയുടെ നികുതി നിരക്ക് 28 ൽ നിന്ന് 18 ശതമാനമായാണ് കുറച്ചത്.

&&&&&&&&&&&&&&&&&&

## SEVA PARV - INSURANCE ( INTRO )

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ പ്രവർത്തനങ്ങളിൽ, ഇൻഷുറൻസ് പരിരക്ഷയെ കുറിച്ചാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്. ( വോയിസ്....)

## SEVA PARV - INSURANCE ( VOICE )

( മ്യൂസിക്)

എല്ലാവർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി രാജ്യത്ത് 2015 മേയിൽ പിഎം ജീവൻ ജ്യോതി ബീമാ യോജനയും പിഎം സുരക്ഷാ ബീമാ യോജനയും ഉൾപ്പെടുന്ന ജൻ സുരക്ഷാ പദ്ധതികൾ ആരംഭിച്ചു. അപകടത്തെത്തുടർന്ന വ്യക്തി മരിക്കുകയോ പരിക്കേൽക്കുകയോ ചെയ്താൽ രണ്ട് ലക്ഷം രൂപ വരെ പരിരക്ഷ നൽകുന്ന വിധത്തിലാണ് പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന രൂപകൽപന ചെയ്തിരിക്കുന്നത്. പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജനയിലൂടെ ലൈഫ് ഇൻഷുറൻസ് പരിരക്ഷയും ലഭിക്കുന്നു. സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ

സുരക്ഷിതരാക്കാൻ പദ്ധതികൾ സഹായിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. **( പി.എം - വോയിസ്... )**
ആകസ്മിക അപകടങ്ങളോ ദുരന്തങ്ങളോ വഴി സാധാരണക്കാരുടെ ജീവിതം വഴി മുട്ടാതിരിക്കാനാണ് എല്ലാ പൗരന്മാർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ സർക്കാർ തീരുമാനിച്ചത്.
( മ്യൂസിക് )

&&&&&&&&&&&&&&&&&&

**COASTAL CLEAN UP DAY**

ഇന്ത്യൻ തീരദേശ സേനയുടെ നേതൃത്വത്തിൽ പുതുച്ചേരിയിൽ അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനം ആചരിച്ചു. ലെഫ്റ്റനന്റ് ഗവർണർ കെ. കൈലാസ് നാഥൻ പരിപാടി ഉദ്ഘാടനം ചെയ്തു. 500-ൽ പരം NSS, NCC വിദ്യാർത്ഥികളും, സാമൂഹിക പ്രവർത്തകരും പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**LAKSHADWEEP – FISHING**

ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച അവലോകന യോഗം ഇന്ന് കൊച്ചിയിൽ നടക്കും. കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ പങ്കെടുക്കും. ട്യൂണ മത്സ്യബന്ധനം, കടൽപ്പായൽ, അലങ്കാര മത്സ്യങ്ങൾ എന്നീ മേഖലകളിലാണ് യോഗം ശ്രദ്ധ കേന്ദ്രീകരിക്കുക.

&&&&&&&&&&&&&&&&&&

**AMOEBIC MASTHISHKA JWARAM**

അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത തുടർന്ന് കേരളം. രോഗലക്ഷണങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലിരിക്കെ ഇന്നലെ മരിച്ച ആളുടെ രോഗ ഉറവിടം സംബന്ധിച്ച് വ്യക്തത ലഭിച്ചിട്ടില്ലെന്ന് അധികൃതർ പറഞ്ഞു. നിലവിൽ 9 പേരാണ് ചികിത്സയിൽ കഴിയുന്നത്.

&&&&&&&&&&&&&&&&&&

## SABARIMALA - CM

ശബരിമലയെയും സമീപപ്രദേശങ്ങളെയും ചേർത്തുള്ള തീർത്ഥാടന ടൂറിസം സർക്യൂട്ട് വികസിപ്പിക്കാൻ ശബരിമല മാസ്റ്റർപ്ലാൻ തയ്യാറാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പമ്പാതീരത്ത് ആഗോള അയ്യപ്പസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വേർതിരിവുകൾക്ക് അതീതമായ ആരാധനാലയമായ ശബരിമലയെ ശക്തിപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ശബരി റെയിൽ പദ്ധതിയുടെ 50 ശതമാനം ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## MUMBAI RBI GOVERNOR

ഇന്ത്യൻ രൂപയ്ക്ക് അന്താരാഷ്ട്ര തലത്തിൽ കൂടുതൽ സ്വീകാര്യത ലഭിക്കുകയാണ് ലക്ഷ്യമെന്ന് ആർ ബി ഐ ഗവർണർ സഞ്ജയ് മൽഹോത്ര. മുംബൈയിൽ Clearing Corporation of India യുടെ 25-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിദേശ വിനിമയം ഉൾപ്പെടെയുള്ള മേഖലകളിൽ ചെറുകിട നിക്ഷേപകരെ ശക്തിപ്പെടുത്തുന്നതിന് CCIL പ്രവർത്തിക്കണമെന്നും ആർ ബി ഐ ഗവർണർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## CHALO JEETE HAIN SCREENING

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 75-ാം ജന്മദിന ആഘോഷങ്ങളുടെ ഭാഗമായി അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെ ആസ്പദമാക്കി നിർമ്മിച്ച ചലോ ജീത്തെ ഹേ ഹ്രസ്വചിത്രം ദേശവ്യാപകമായി ലക്ഷകണക്കിന് സ്കൂളുകളിലും 500 -ഓളം തിയറ്ററുകളിലും പ്രദർശിപ്പിച്ചു. 2018 ലാണ് ചിത്രം റിലീസ് ചെയ്യ്തത്. സ്വാമി വിവേകാനന്ദന്റെ തത്വചിന്തയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിർമിച്ച ചിത്രത്തിന് ദേശീയ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## BADMINTON CHINA- MASTERS

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക് സായിരാജ് - ചിരാഗ് ഷെട്ടി സഖ്യം സെമി ഫൈനലിൽ. ചൈനിസ് താരങ്ങളെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ സഖ്യത്തിന്റെ സെമി പ്രവേശം. ഇന്ന് നടക്കുന്ന സെമിയിൽ ഇന്ത്യൻ ജോഡികൾ മലേഷ്യൻ സഖ്യത്തെ നേരിടും.

&&&&&&&&&&&&&&&&&

## ASIA CUP

ഏഷ്യകപ്പ് പുരുഷ ടി- 20 ക്രിക്കറ്റിൽ, സൂപ്പർ 4 മത്സരങ്ങൾക്ക് ഇന്നു തുടക്കമാകും. ആദ്യ മത്സരത്തിൽ ശ്രീലങ്കയും ബംഗ്ലദേശും ഏറ്റുമുട്ടും. രാത്രി എട്ടിന് ദുബായി ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും.

&&&&&&&&&&&&&&&&&

## TRUMP- H-1B VISA ( INTRO )

ടെക് വ്യവസായത്തിൽ വിദേശ തൊഴിലാളികളുടെ എണ്ണം കുറയ്ക്കുന്നതിനായി H-1 B വിസ പ്രോഗ്രാമിലേക്കുള്ള അപേക്ഷകർക്ക് വർഷത്തിൽ ഒരു ലക്ഷം ഡോളർ ഫീസ് ഈടാക്കുന്ന പ്രഖ്യാപനത്തിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഒപ്പുവച്ചു. യു.എസിലേക്ക് എത്തുന്ന തൊഴിലാളികൾ ഉയർന്ന വൈദഗ്ധ്യമുള്ളവരാണെന്ന് ഉറപ്പാക്കുമെന്ന് ട്രംപ് വ്യക്തമാക്കി. ( വോയിസ്.... )

വിലയേറിയ "ഗോൾഡ് കാർഡുകൾ" വഴി യുഎസിൽ സ്ഥിര താമസം വാഗ്ദാനം ചെയ്യുന്ന പ്രീമിയം ഇമിഗ്രേഷൻ പ്രോഗ്രാമും ട്രംപ് ഭരണകൂടം ആരംഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

## PORTUGAL- PALESTINE STATE

ഇസ്രായേൽ-പലസ്തീൻ പ്രശ്നം ചർച്ച ചെയ്യാനുള്ള യുഎൻ പൊതുസഭാ സമ്മേളനത്തിന് മുന്നോടിയായി, പോർച്ചുഗൽ പലസ്തീനെ രാജ്യമായി അംഗീകരിക്കാൻ തീരുമാനിച്ചു. ഐക്യരാഷ്ട്രസഭ പൊതുസഭയിൽ ഇത് സംബന്ധിച്ച പ്രഖ്യാപനമുണ്ടാകുമെന്ന് പോർച്ചുഗീസ് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഓസ്ട്രേലിയ, കാനഡ, ഫ്രാൻസ്, യുകെ എന്നീ

രാജ്യങ്ങളും പലസ്തീനെ രാജ്യമായി അംഗീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## JK ARMY

ജമ്മു കശ്മീരിലെ ഉധംപൂർ ജില്ലയിൽ ഇന്ന് രാവിലെ തീവ്രവാദികളുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികന് പരിക്കേറ്റു. സിയോജ് ധാർ പ്രദേശത്ത് തീവ്രവാദികളെ കണ്ടതായ വിവരത്തിന്റെ അടിസ്ഥാനത്തിൽ തിരച്ചിൽ നടത്തവേയാണ് ഏറ്റുമുട്ടൽ. പ്രദേശത്ത് നിന്ന് ആയുധങ്ങൾ ഉൾപ്പടെ കണ്ടെടുത്തു.

&&&&&&&&&&&&&&&&&&

## MANIPUR – ASSAM RIFLES

മണിപ്പൂരിലെ ബിഷ് നുപൂർ ജില്ലയിൽ ഭീകരരുമായി ഉണ്ടായ ഏറ്റുമുട്ടലിൽ അസം റൈഫിൾസിലെ രണ്ട് ജവാൻമാർക്ക് വീരമൃത്യു. 5 ജവാൻമാർക്ക് പരിക്കേറ്റു. ആക്രമണത്തിന്റെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല. പ്രദേശത്ത് തിരച്ചിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&

## MURIDKE– OPS SINDOOR

ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചുള്ള പാകിസ്ഥാന്റെ അവകാശവാദങ്ങൾക്ക് തിരിച്ചടിയായി, ഭീകര ക്യാമ്പ് നശിപ്പിക്കപ്പെട്ടതായി സമ്മതിച്ച് ലഷ്കർ-ഇ-തൊയ്ബ പ്രവർത്തകൻ. മുരിദ്കെയിലെ മർകസ് തൈബയിലുള്ള ഭീകര സംഘടന ആസ്ഥാനം ഇന്ത്യൻ സായുധ സേന തകർത്തതായ വീഡിയോ സമൂഹമാധ്യമത്തിൽ പ്രചരിച്ചിരുന്നു. മെയ് 7 ലെ ഓപ്പറേഷനിൽ നശിപ്പിക്കപ്പെട്ട ക്യാമ്പ് പുനർനിർമ്മിക്കുകയാണെന്നാണ് ലഷ്കർ-ഇ-തൊയ്ബ കമാൻഡർ വിവരിക്കുന്നത്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&